# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## കുടുംബ സൗരഭ്യം പുലർത്തിയ സിനഡ്



94 ഖണ്ഡികകളുള്ള സിനഡ് ഡോക്യുമെന്റ് പുറത്തിറങ്ങി. * സഭാപഠനങ്ങളിൽ തിരുത്തലുകളില്ല * ആധുനിക വെല്ലുവിളികൾ നേരിടാൻ അജപാലന ക്രമീകരണങ്ങൾ * മാധ്യമ പ്രചരണങ്ങൾ അസ്ഥാനത്തായി.

വത്തിക്കാൻ സിറ്റി : സെക്കുലർ ലോകത്തിന്റെ ദുരാഗ്രഹങ്ങളും മാധ്യമപ്രചാരണങ്ങളും അസ്ഥാനത്താക്കി വത്തിക്കാനിൽ സമ്മേളിച്ച കുടുംബസിനഡിന്റെ ഡോക്യുമെന്റ്. സ്വവർഗാനുരാഗത്തെ വിവാഹത്തിന്റെ ഗണത്തിൽപോലും പെടുത്താതെ സഭാ നിലപാട് അരക്കിട്ടുറപ്പിച്ച സിനഡ്, വിവാഹം കഴിക്കാതെ ജീവിക്കുന്നവർക്ക് വിശുദ്ധ കുർബാന നൽകുന്നതിനെക്കുറിച്ച് യാതൊരുവിധ വിട്ടുവീഴ്ചയ്ക്കും തയ്യാറായില്ല.

'സഭയിലും ആധുനിക ലോകത്തിലും കുടുംബങ്ങളുടെ ദൗത്യവും വിളിയും' എന്ന വിഷയവുമായി ഒക്ടോബർ നാലിന് ആരംഭിച്ച സിനഡ് 25 നാണ് സമാപിച്ചത്. 2014 ൽ നടന്ന അസാധാരണ സിനഡിൽ ചർച്ച ചെയ്യപ്പെട്ട കുടുംബ അജപാലന പ്രതിസന്ധികൾ തന്നെയായിരുന്നു ഈ കൂടിച്ചേരലിനും മുഖ്യവിഷയമായത്.

കുടുംബങ്ങൾ നേരിടുന്ന ഓരോ പ്രശ്നങ്ങളും സിനഡ് പഠനവിധേയമാക്കി. പരസ്യ പാപത്തിൽ കഴിയുന്നവർക്ക് വിശുദ്ധ കുർബാന നൽകണമോ? സ്വവർഗാനുഭാവികളെ എപ്രകാരം സഭ അഭിമുഖീകരിക്കണം? ഈ വിഷയങ്ങൾക്കു പുറമേ ഗാർഹിക പീഡനങ്ങൾ, സ്ത്രീകൾക്കെതിരായ അക്രമങ്ങൾ, ലൈംഗികചൂഷണവും ദുരുപയോഗവും കുടുംബങ്ങളിൽ, വിവാഹ ഒരുക്കം, പോർണോഗ്രഫി തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്തു.

94 ഖണ്ഡികകളുള്ള സിനഡ് ഡോക്യുമെന്റാണ് പുറത്തിറങ്ങിയിരിക്കുന്നത്. ഓരോ ഖണ്ഡികയും സിനഡിൽ പങ്കെടുത്ത ബിഷപ്പുമാർ വോട്ടിങ്ങിലൂടെയാണ് അംഗീകരിച്ചത്.

മുൻ വിവാഹത്തിലെ കുട്ടികളുടെ സംരക്ഷണം, ഉപേക്ഷിക്കപ്പെട്ട ജീവിതപങ്കാളിയുടെ ഇപ്പോഴത്തെ അവസ്ഥ, സിവിലായി വിവാഹം കഴിച്ച രണ്ടാമത്തെ ബന്ധം സമൂഹത്തിലും സഭയിലുമുണ്ടാക്കുന്ന പരിണതഫലങ്ങൾ, എളുപ്പത്തിൽ ഉപേക്ഷിക്കപ്പെടാവുന്നതെന്ന് കരുതുന്ന വിവാഹബന്ധങ്ങൾ വരും തലമുറയിലുണ്ടാക്കുന്ന ദോഷഫലങ്ങൾ തുടങ്ങിയവ സിനഡ് ഡോക്യുമെന്റ് വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.

സ്വവർഗാനുരാഗത്തെക്കുറിച്ച് കഴിഞ്ഞ വർഷത്തെ അസാധാരണ സിനഡിൽ ഉയർന്നുവന്ന

വിവാദപരാമർശങ്ങൾ പൂർണ്ണമായി എടുത്തുമാറ്റപ്പെട്ടു. 'സ്വവർഗാനുഭാവമുള്ള വ്യക്തികളുള്ള കുടുംബങ്ങൾ, എങ്ങനെ അവരെ നേർവഴിക്ക് നയിക്കണം' എന്ന കാര്യത്തിൽ ഒരു ഖണ്ഡിക മാത്രമാണുള്ളത്. 76-ാം ഖണ്ഡിക പറയുന്നു : 'ലൈംഗിക പ്രവണതകളുടെ പേരിൽ വിവേചനം കാട്ടാതെ എല്ലാ വ്യക്തികളും ബഹുമാനിക്കപ്പെടുകയും സ്വാഗതം ചെയ്യപ്പെടുകയും വേണം. എന്നാൽ, വിവാഹത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചും ദൈവത്തിന്റെ പദ്ധതിയും ക്രമീകരണവും മനസ്സിലാക്കുമ്പോൾ സ്വവർഗാനുരാഗം പോലുള്ള കാര്യങ്ങളെ ഒരിക്കലും പരിഗണിക്കുന്നതിൽ അടിസ്ഥാനമില്ല. വ്യക്തമായി ഇക്കാര്യത്തെ വിശദീകരിക്കുന്നതിൽ സിനഡ് വിജയിച്ചുവെന്ന് മനസ്സിലാക്കാം.

പാപിയെ നിരാകരിക്കരുതെന്നും പാപത്തെ ഉൾച്ചേർക്കരുതെന്നുമുള്ള വ്യക്തമായ കാഴ്ചപ്പാട്. കൂടാതെ, നിയമനിർമ്മാണത്തിലൂടെ ചില രാജ്യങ്ങൾ ഉയർത്തിയ വെല്ലുവിളികളെ നേരിടാനുള്ള നിർദ്ദേശങ്ങളുണ്ട്. സ്വവർഗവിവാഹം അടിച്ചേൽപ്പിക്കാനുള്ള സെക്കുലർ ശക്തികളുടെ പ്രലോഭനത്തെ പ്രതിരോധിക്കാൻ സിനഡ് നിർദ്ദേശിക്കുന്നു.

സിനഡ് ഡോക്യുമെന്റിൽ ഭ്രൂണഹത്യ, ഗർഭനിരോധനം തുടങ്ങിയ കാര്യങ്ങളിൽ സഭയുടെ കാഴ്ചപ്പാടുകളെയും വീക്ഷണങ്ങളെയും മാറ്റമില്ലാതെ പിന്തുണച്ചു. ഖണ്ഡിക 33 പറയുന്നതുപോലെ 'ജീവൻ അതിന്റെ ഉത്ഭവം മുതൽ വിശുദ്ധമാണ്. കാരണം ദൈവത്തിന്റെ സൃഷ്ട പ്രവൃത്തി അതിൽ ഉൾച്ചേർന്നിരിക്കുന്നു.' ആധുനിക ലോകത്തിൽ വർദ്ധിച്ചുവരുന്ന ശാസ്ത്രീയ ഗർഭനിരോധന ഉപാധികളുടെ ഉപയോഗം ലൈംഗികതയെയും മാതൃപിതൃസ്വഭാവത്തെയും വേർതിരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണെന്ന് ഡോക്യുമെന്റ് ചൂണ്ടിക്കാട്ടുന്നു.

അതിലൂടെ, മനുഷ്യജീവനും മാതൃത്വവും പിതൃത്വവും ലൈംഗികതയും വേർതിരിച്ചുകാണുമ്പോൾ ദൈവം മനുഷ്യനെ സൃഷ്ടിച്ചതിലെ മഹനീയ പദ്ധതികളെ വെല്ലുവിളിക്കുകയാണ്. കുഞ്ഞുങ്ങളുടെ ജനനം വ്യക്തികളുടെയോ, ദമ്പതിമാരുടെയോ സംതൃപ്തിക്കുവേണ്ടി മാത്രമാണെന്ന് ആധുനികസമൂഹം വരുത്തിത്തീർക്കുകയാണ്. മറിച്ച്, 'കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനവും ക്രിസ്തു ഏറെയധികമായി സ്നേഹിക്കുന്നവരുമാണെ'ന്നും ഡോക്യുമെന്റ് ഉദ്ബോധിപ്പിച്ചു.

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് നിരാശപ്പെട്ട് ജീവിക്കാനല്ല എന്ന ഓർമ്മപ്പെടുത്തലോടെയാണ് ഡോക്യുമെന്റിന്റെ ആദ്യ ഖണ്ഡികതന്നെ. സ്ത്രീയും പുരുഷനും വിവാഹത്തിൽ ഒരുമിക്കുന്നതിലൂടെ ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തപ്പെടുന്നുവെന്നും പരിശുദ്ധാത്മാവ് ആ ബന്ധത്തെ ഉറപ്പിച്ച് കൂടെനിൽക്കുന്നു എന്നും ആദ്യഭാഗം തന്നെ വ്യക്തമാക്കുന്നു. 'ദൈവം തന്റെ ഏകജാതനെ അയച്ചത് ഒരു കുടുംബത്തിലേക്കാണ്. ഒരു കൊട്ടാരത്തിലേക്കോ നഗരത്തിലേക്കോ അല്ല. ' കുടുംബത്തിന്റെ മഹനീയതയും ശ്രേഷ്ഠതയും എടുത്തുകാട്ടാൻ ഇതിൽ കൂടുതൽ എന്തു തെളിവാണ് സഭയ്ക്ക് നൽകാനുള്ളത്.

270 മെത്രാന്മാരും 55 അല്മായരും വിദഗ്ധരുമടങ്ങിയ സിനഡ് മൂന്ന് ആഴ്ചയായി പരി.ഫ്രാൻസിസ് മാർപാപ്പായുടെ നേതൃത്വത്തിൽ കുടുംബത്തിന് സഭയിലും സമൂഹത്തിലും നിർവ്വഹിക്കുവാനുള്ള പങ്കിനെക്കുറിച്ച് വിലയിരുത്തി. സഹോദരി സഭകളിൽ നിന്ന് 12 പ്രതിനിധികൾ സംബന്ധിച്ചു. ഇന്ത്യയിൽ നിന്ന് മൂന്ന് കർദ്ദിനാൾമാർ ഉൾപ്പെടെ എട്ട് മെത്രാന്മാരും മൂന്ന് അല്മായരും പങ്കെടുത്തു. അഞ്ചു ഭൂഖണ്ഡങ്ങളിൽ നിന്നുള്ള സഭാ പ്രതിനിധികൾ ഏറെ താല്പര്യത്തോടെയാണ് സിനഡിന്റെ എല്ലാ സെഷനുകളിലും സംബന്ധിച്ചത്. ഓരോരുത്തർക്കും മൂന്ന് മിനിറ്റ് വീതം സംസാരിക്കുവാൻ അവസരം ഔദ്യോഗികമായി ലഭിച്ചു കൂടാതെ ഭാഷാടിസ്ഥാനത്തിലുള്ള 14 ഗ്രൂപ്പുകളിലായി അനേകം തവണ സംസാരിക്കുന്നതിന് സാധിച്ചു. ഭാരതത്തിൽ നിന്നുള്ള സിനഡംഗങ്ങൾ നമ്മുടെ നാട്ടിൽ നിലനിന്നുപോരുന്ന കുടുംബ സംവിധാനങ്ങളെക്കുറിച്ചും അതിനാധാരമായ ആത്മീയതയെക്കുറിച്ചുമാണ് പറഞ്ഞത്.